# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1329 — 07.06.2018-ൽ മറുപടിക്ക്

## <u>സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് തകരാർ</u>

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനത്തിൽ പലപ്പോഴും തകരാർ സംഭവിക്കുന്നത് മൂലം ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ് വർക്ക് ലഭ്യമാക്കുന്നതിന് BSNL-ന്റെ ലീസ്ഡ് ലൈനുകളും KSWAN സംവിധാനവുമാണ് ഉപയോഗപ്പെടുത്തുന്നത്. ഇവയിലെ തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് ഓൺലൈൻ പ്രവർത്തനങ്ങൾ താൽക്കാലികമായി മന്ദീഭവിക്കാൻ കാരണമായത്. |
| ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ നെറ്റ് വർക്ക് സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കടി തകരാർ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓഫീസുകളിൽ ലീസ്ഡ് ലൈനിന് പകരം ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ അടിയന്തരമായി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന രജിസ്ട്രേഷൻ സെർവറുകളുടെ ശേഷി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പുതിയ സെർവറുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കുമുള്ള പബ്ലിക് പേൾ സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും ഓരോ ബാക്ക് അപ്പ് സർക്യൂട്ടുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ